പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2799 — 09.05.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ**

ചോദ്യം
ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ ഇപ്പോൾ മൊത്തം എത്ര ജീവനക്കാരുണ്ട്;ഇതിൽ സ്ഥിരം ജീവനക്കാർ എത്ര;താൽക്കാലിക ജീവനക്കാർ എത്ര; വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ 4/2017ലെ കണക്കനുസരിച്ച് 34966 സ്ഥിരം ജീവനക്കാരും 8484 താൽക്കാലിക ജീവനക്കാരും ഉണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സിയിൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് പുതിയ നിയമനങ്ങളൊന്നും നടത്തേണ്ടതില്ലെന്ന് തീരുമാനമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ; | (ബി) | പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ പാക്കേജിന്റെ അന്തിമ റിപ്പോർട്ടിന് വിധേയമായി പുതിയ നിയമനങ്ങൾ നടത്തുന്നതാണ്. |
| (സി) | സ്ഥിരമായി ജോലിക്ക് ഹാജരാകാത്തതും മറ്റു ജോലികൾ ചെയ്യുന്നതുമായ ജീവനക്കാർ കോർപ്പറേഷനിലുണ്ടോയെന്നും പ്രസ്തുത ജീവനക്കാരുടെ എണ്ണവും അവരുടെ കാര്യത്തിൽ എന്ത് തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സിയിൽ സ്ഥിരമായി ജോലിക്ക് ഹാജരാകാത്ത 1539 ജീവനക്കാരുണ്ട്.<br>മിനിസ്റ്റീരിയൽ വിഭാഗം - 30<br>മെക്കാനിക്കൽ വിഭാഗം - 91<br>ഡ്രൈവർ വിഭാഗം - 608<br>കണ്ടക്ടർ വിഭാഗം - 810<br>അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത ജീവനക്കാർക്ക് എതിരെ, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റു ജോലികൾ ചെയ്തു വരുന്ന ജീവനക്കാർക്ക് എതിരെ, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വകുപ്പ് തല അച്ചടക്കനടപടികൾ സ്വീകരിച്ച് സർവ്വീസിൽ നിന്നും പിരിച്ചു വിടൽ നടപടികളടക്കം സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ